# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2968

13.07.2015-ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളികൾക്ക് ഉത്പാദനബോണസ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.വി.ശിവൻകുട്ടി | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | മത്സ്യത്തൊഴിലാളികൾക്ക് ഉത്പാദനബോണസ് പദ്ധതി നടപ്പിലാക്കുന്നതിനായി 2014-15 ലെ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 2 കോടി രൂപ വിനിയോഗിച്ച് പദ്ധതി നടപ്പിലാക്കിയോ; | (എ) | മത്സ്യത്തൊഴിലാളികൾക്ക് ഉത്പാദന ബോണസ് പദ്ധതി നടപ്പിലാക്കുന്നതിനായി 2014-15 ലെ ബഡ്ജറ്റിൽ വകയിരുത്തി യിരുന്ന 2 കോടി രൂപയിൽ നിന്നും 50 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. ബാക്കി തുകയായ 150 ലക്ഷം ഉപധനാഭ്യർത്ഥന വഴി അനുവദിക്കുന്നത് പരിഗണിച്ച് വരുന്നു. |
| (ബി) | എങ്കിൽ പദ്ധതി നിർവ്വഹണത്തിന്റെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (ബി) | പദ്ധതിയിൽ ലഭിയ്ക്കാനുള്ള മുഴുവൻ തുക ലഭ്യമാകുന്ന മുറയ്ക്ക് തൊഴിലാളിയുടെ 1% സമ്പാദ്യത്തിനും സംസ്ഥാന സർക്കാരിന്റെ 0.5% വിഹിതത്തിനും പുറമെ 0.5% മത്സ്യഫെഡിൽ നിന്നും നൽകുന്നതിന് മത്സ്യഫെഡ് ഭരണ സമിതി തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. 31.03.15-ന് അനുവദിച്ച 50 ലക്ഷം രൂപ പദ്ധതി പ്രകാരം നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു. |
| (സി) | നടപ്പിലാക്കിയിട്ടില്ലെങ്കിൽ ആയതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കുമോ ? | (സി) | പദ്ധതി നടപ്പിലാക്കുന്നതിനായി ജില്ലകളിൽ നിന്നുള്ള വിവരശേഖരണം നടത്തി വരുന്നു. 2014-15 വർഷത്തിൽ ലഭിയ്ക്കാനുള്ള 150 ലക്ഷം രൂപയും 2015-16 വർഷത്തിലെ സർക്കാർ വിഹിതമായ 300 ലക്ഷം രൂപയും അനുവദിക്കുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ